അല്ലമാ പ്രഭു

കെ. സച്ചിദാനന്ദൻ

അല്ലമാ പ്രഭു

K. Satchidanandan

(Malayalam translation: Poems)

© 2020, K. Satchidanandan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Calligraphy by N. Bhattathiri.

Sayahna Foundation

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

അല്ലമാ പ്രഭു

ഉടലിന്റെയുടലതെന്നാരറിഞ്ഞൂ
പ്രാണന്റെ പ്രാണനെന്നാരറിഞ്ഞൂ
അതു വികാരത്തിൻ വികാരമെന്നും?

അതു ദൂരെയെന്നു പ്രതീതമാകെ
അതു ചാരെയെന്നു പ്രകടമാകും
അത് പുറ,ത്തതകത്തുമെന്നു ചൊല്ലി
അവരിതാ തർക്കിച്ചു വിവശരായി.

(വചനം 802)

സച്ചിദാനന്ദൻ

അല്ലമാ പ്രഭുവിനെക്കുറിച്ചുള്ള ഒരു ഐതിഹ്യം അദ്ദേഹം ശിവൻ തന്നെയായിരുന്നു എന്നതാണ്: മനുഷ്യരെ സ്വാന്ത്ര്യത്തിന്റെ മാർഗ്ഗങ്ങൾ പഠിപ്പിക്കാൻ ഭൂമിയിൽ വന്ന ശിവൻ. അദ്ദേഹത്തെ പരീക്ഷിക്കാൻ പാർവ്വതി തന്റെ തമോരൂപമായ മായയെ (കന്നഡത്തിൽ 'മായേ') പറഞ്ഞയച്ചു. അല്ലമായുടെ മാതാപിതാക്കളുടെ പേരുകൾ പ്രതീകാത്മകങ്ങളാണ്: 'നിരഹങ്കാരിക'യും 'സുജ്ഞാനി'യും. മായയാകട്ടെ മായാദേവിക്കും മമകാര (സ്വാർത്ഥത) ന്നും ജനിച്ചവൾ. സത്യജ്ഞനും ദുഃഖമുക്തനുമായ ഒരു മകനു വേണ്ടി തപസ്സു ചെയ്ത ദമ്പതികൾ അരികിൽ കിടക്കുന്ന ഒരു തിളങ്ങുന്ന ശിശുവിനെ കണ്ടു: അങ്ങനെയാണ് അജന്മിയായി അല്ലമാ ഭൂമിയിൽ വന്നത് എന്നാണു വിശ്വാസം. പിന്നൊരിക്കൽ അല്ലമാ അമ്പലത്തിൽ ചെണ്ട കൊട്ടുമ്പോൾ മായ അല്ലമായുമായി പ്രണയത്തിലായി, അദ്ദേഹത്തെ തന്റെ നൃത്താദ്ധ്യാപകനായി നിയമിച്ചു. മായ എല്ലാ വശീകരണതന്ത്രങ്ങളും പ്രയോഗിച്ചിട്ടും അല്ലമാ കുലുങ്ങിയില്ല. തന്റെ പ്രയത്നം വ്യർത്ഥം എന്ന് തിരിച്ചറിഞ്ഞ പാർവ്വതി മായയെ തിരിച്ചെടുത്തു. വേറൊരു കഥയിൽ അല്ലമായും മായയും ഭൂമിയിൽ ജനിക്കാൻ ശപിക്കപ്പെട്ട ശിവ-പാർവ്വതിമാരുടെ സേവകരാണ്.

വീരശൈവരുടെ ചരിതങ്ങൾ പദ്യത്തിൽ എഴുതിയ പതിനഞ്ചാം നൂറ്റാണ്ടിലെ ഹരിഹരന്റെ കഥയിൽ ഒരു നൃത്താദ്ധ്യാപികയുടെ മകനായ വിദഗ്ധവാദ്യക്കാരനായ അല്ലമാ, കാമലതയുമായി പ്രേമത്തിലാകുന്നു, അവർ തൃഷ്ണയുടെ അവിഹ്നലീലകളിൽ ഏർപ്പെടുന്നു. അതിനിടെ പെട്ടെന്ന് കാമലത ജ്വരം മൂലം മരണമടയുന്നു. അല്ലമാ അവളുടെ പേരു വിളിച്ച് ഓർമ്മ നശിച്ച് ഭ്രാന്തനെപ്പോലെ അലയുന്നു. നാട്ടിലും കാട്ടിലും അലഞ്ഞു ഹതാശനായി ഒരു കാവിൽ ഇരിക്കുമ്പോൾ അയാളുടെ കാൽനഖത്തിൽ "സ്വാതന്ത്ര്യ ദേവതയുടെ സ്തനാഗ്രം പോലെ" ഒരു മന്ദിരത്തിന്റെ സ്വർണ്ണത്താഴികക്കുടം തടയുന്നു, അവിടം കുഴിച്ച അയാൾ ഒരു മന്ദിരകവാടത്തിനു മുന്നിലെത്തുന്നു. വാതിൽ തട്ടിത്തുറന്ന അല്ലമാ കണ്ടത് ഒരു യോഗി ശിവലിംഗത്തിനു മുന്നിൽ സമാധിസ്ഥനായി ഇരിക്കുന്നതാണ്. അയാളുടെ രുദ്രാക്ഷമാലയും തിളങ്ങുന്ന ജടയും മുഖവും കണ്ണുകളും ചെവിയിലെ സർപ്പവളയങ്ങളും അല്ലമായെ വിസ്മയിപ്പിച്ചു. ആ യോഗിയുടെ പേര് 'അനിമിഷയ്യാ' എന്നായിരുന്നു. ഇമകൾ ഇല്ലാത്തവൻ, അഥവാ സദാ കണ്ണു തുറന്നിരിക്കുന്നവൻ എന്നർത്ഥം. യോഗി അല്ലമായ്ക്ക് ഒരു ലിംഗം നൽകി. ഒപ്പം അദ്ദേഹം ജീവൻ വെടിഞ്ഞു. ആ നിമിഷം അല്ലമായ്ക്ക് ബോധോദയമുണ്ടായി, പ്രഭുവിന്റെ പാദങ്ങൾ പിന്തുടരാൻ നിശ്ചയിച്ചു. ഗുഹാമന്ദിരത്തിലെ ഈ അനുഭവമാണ് അല്ലമായിലെ വചനങ്ങളിൽ കാണുന്ന 'ഗുഹേശ്വരാ' എന്ന നാമമുദ്രയുടെ പ്രഭവം. ബസവ, അക്ക മഹാദേവി, ചെന്ന ബസവ, സിദ്ധരാമ, മുക്തയക്ക ഇങ്ങിനെ പലരും അല്ലമായെ ഗുരുവായിക്കരുതി. അങ്ങിനെ അക്കയ്ക്കും അണ്ണയ്ക്കുമെല്ലാം മീതേ അദ്ദേഹം 'പ്രഭു'വായി. അല്ലമായും മറ്റു ഭക്തരുമായുള്ള സംവാദങ്ങൾ 'ശൂന്യ സമ്പാദനെ' എന്ന കൃതിയിൽ കാണാം. അല്ലമാ ഉണ്ടായിരുന്നതിനാലാണ് കല്യാണ ശിവശരണരുടെ കേന്ദ്രമായത്. അല്ലമായുടെ അദ്ധ്യക്ഷതയിൽ അവർ നടത്തിയ ഒത്തുചേരലുകൾ 'അനുഭവ മണ്ഡപം' എന്നറിയപ്പെട്ടു.

അല്ലമാ ആചാരങ്ങളെ തീർത്തും വർജ്ജിച്ചു. അവയിൽ ചിലതു ബാക്കി നിർത്തിയവരെ അദ്ദേഹം പരിഹസിച്ചു. ബസവയുടെ ഉദ്യോഗത്തെപ്പോലും വെറുതെ വിട്ടില്ല, അധികാരം നല്ല കാര്യങ്ങൾക്കാണ് ബസവ വിനിയോഗിച്ചിരുന്നതെങ്കിലും. മഹാദേവി നഗ്നയായിട്ടും എന്തിനാണ് മുടി കൊണ്ടു് ദേഹം മറയ്ക്കുന്നത് എന്നദ്ദേഹം കളിയാക്കി. 'ഗോരക്ഷ' (ഇതൊരു പേരാണ്) യെപ്പോലുള്ള സിദ്ധരുടെ ഗൂഢപ്രയോഗങ്ങളേയും അദ്ദേഹം നിരാകരിച്ചു. മന്ത്രസിദ്ധികൾ പോലും അധികാരപ്രയോഗത്തിന്റെ പ്രലോഭനങ്ങളാണെന്ന് അല്ലമാ കരുതി. വജ്രതുല്യമായ ശരീരത്തെക്കുറിച്ച് അഹങ്കരിച്ചിരുന്ന ഗോരക്ഷയെ അല്ലമാ വെല്ലുവിളിച്ച ഒരു കഥയുണ്ട്. ഗോരക്ഷയുടെ വാൾ അല്ലമായിൽ ഏശിയില്ല, അത് ശൂന്യതയിലൂടെ കടന്നു പോകുന്നതായി അയാൾക്കു തോന്നി. അങ്ങിനെ തന്റെ ശക്തമായ ശരീരം അല്ലമായുടെ കേവലാത്മാവിനു മുന്നിൽ എത്ര നിസ്സാരമാണെന്നു അയാൾ പഠിച്ചു. അദ്ദേഹം എല്ലാ ചൂഷണത്തെയും വെറുത്തു; മൃഗങ്ങളെയല്ലാ ബലി കൊടുക്കേണ്ടത് എന്നും മൃഗീയവാസനകളെ ആണെന്നും പഠിപ്പിച്ചു. വാക്കുകളുടെ ചങ്ങലകൾ കൊണ്ടു് മുക്തമായ ആത്മാവിനെ നിർവ്വചിക്കാൻ കഴിയില്ലെന്ന്, യോഗം കൊണ്ടു ശരീരമേ നിർമ്മിക്കാൻ കഴിയൂ, ആത്മാവിനെ പോഷിപ്പിക്കാൻ കഴിയില്ലെന്ന്, ഭയം എന്ന ഇരുമ്പിനെ ദയ എന്ന സ്വർണ്ണമാക്കി പരിവർത്തനം ചെയ്യുന്നതാണ് ശരിയായ അത്ഭുതരാസവിദ്യ—ആൽകെമി—എന്ന്, അദ്ദേഹം പറഞ്ഞു, പരിഹസിച്ചും ആക്രമിച്ചും കവിത ചൊല്ലിയും വാദിച്ചും സ്നേഹിച്ചും അദ്ദേഹം മറ്റു ഭക്തരെ നിർമുക്തരാക്കി. തന്റെ ജീവിതത്തെക്കുറിച്ച് ഏറെ സൂചനകളൊന്നും അല്ലമായുടെ വചനങ്ങളിലില്ല, പക്വത പ്രാപിച്ച ശേഷമാണ് അദ്ദേഹം അവ രചിച്ചത്. ആദ്യകാലത്തെ തന്റെ ആത്മസമരങ്ങളുടെ രേഖകൾ അദ്ദേഹം അവശേഷിപ്പിച്ചില്ല, ചിത്രശലഭത്തിനു പുഴുവിന്റെ ഓർമ്മകളില്ലാ എന്ന് അദ്ദേഹം പ്രസ്താവിച്ചു. മറ്റു ശൈവരുടെ വചനങ്ങൾ അധികവും ഭക്തിയുടെ ആദ്യഘട്ടങ്ങളെക്കുറിച്ചാണെങ്കിൽ, അല്ലമായുടെത് അധികവും സാക്ഷാത്കാരം നേടിയ ശേഷം ഉള്ളവയാണ്. പ്രാരംഭം, ഭക്ത, മഹേശ്വര, പ്രസാദി, പ്രാണലിംഗി, ശരണ, ഐക്യ എന്നിങ്ങിനെ അദ്ദേഹത്തിന്റെ 1321 വചനങ്ങളെ അനുക്രമമായി ബസവരാജു തരം തിരിച്ചിരിക്കുന്നു. ഇതിൽ അഞ്ഞൂറിലേറെ വചനങ്ങൾ ഐക്യം (ലയനം, സാക്ഷാത്കാരം) നേടിയ ശേഷം ഉള്ളതാണ്.

[1] ചൊവ്വ 2021

ചൊവ്വാ ദോഷം

ചൊവ്വാ ദോഷം, ഇതെന്തിനാണ്
ഇത്രയ്ക്കു ഭയക്കുന്നത്
ചൊവ്വയ്ക്കോ
ചൊവ്വാ ദോഷത്തിനോ
ഇതിനെന്തു ചെയ്യാൻ കഴിയും
ചൊവ്വയ്ക്കു
ചൊവ്വാ ദോഷത്തിന്
ആകുമോ
ഒരു ജീവിതം
ഇല്ലാതാക്കുന്നു
ചൊവ്വാ ദോഷം
ചൊവ്വാ ദോഷം
ചൊവ്വാ ദോഷം

[1] ചൊ 2021

ചൊവ്വാദോഷം

ചൊവ്വാദോഷം
ചൊവ്വാദോഷം
ചൊവ്വാദോഷം

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വിതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014